●
സയ്യിദ് അബുൽ അഅ്ലാ മൗദൂദി

# ഇന്ത്യൻമുസ്‌ലിംകൾക്ക് നാലിന പരിപാടി

## മദ്രാസ് പ്രഭാഷണം സമാപിക്കുന്നു

**ഇനി** ഇന്ത്യയിൽ ഇസ്‌ലാമിന്റെ വിപ്ലവത്തിന് വഴിയൊരുക്കുന്നതിനുള്ള ചുവടുകൾ എങ്ങനെയെന്ന് വിശദീകരിക്കാം:

**ഒന്നാം ചുവട്**

ആദ്യമായി ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും ഇടയിൽ നിലവിലുള്ള സാമുദായികവടംവലി അവസാനിപ്പിക്കണം. മുസ്‌ലിംകൾ ഇസ്‌ലാമിനുവേണ്ടി പ്രവർത്തിക്കുന്നതിനുപകരം സാമുദായികതാൽപര്യങ്ങൾക്കുവേണ്ടി പൊരുതുന്നത് തെറ്റാണെന്ന് ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇനിയും ആ പോരാട്ടം തുടർന്നുപോകുന്നത് വെറും തെറ്റല്ല, വിനാശകരമായ കുറ്റവും അപഹാസ്യമായ ആത്മഹത്യാശ്രമവും കൂടിയാണ്. മുസ്‌ലിംകൾ അവരുടെ പ്രവർത്തനരീതി അടിമുടി അഴിച്ചുപണിയേണ്ടിയിരിക്കുന്നു. നിയമസഭകളിലെ പ്രാതിനിധ്യപ്രശ്നം, തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള നെട്ടോട്ടം, ഉദ്യോഗങ്ങൾക്കുവേണ്ടിയുള്ള വടംവലി, സാമുദായികാവകാശങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയുള്ള മുറവിളി–എല്ലാം വരുംകാലത്ത് നിഷ്ഫലവും ദോഷകരവുമായി ഭവിക്കും. അത് നിഷ്ഫലമാകാൻ കാരണമുണ്ട്, ആസന്നഭാവിയിൽ ഇന്ത്യയുടെ ഭരണം കൈയാളാനിരിക്കുന്നവർ സംവരണരഹിതമായ പൊതുതെരഞ്ഞെടുപ്പ്, സർക്കാർ ഉദ്യോഗങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിലുള്ള നിയമനം എന്നിവയിലൂടെ മുസ്‌ലിംകളുടെ വേറിട്ട അസ്തിത്വം ഇല്ലായ്മ ചെയ്യാൻ തീരുമാനമെടുത്തു കഴിഞ്ഞിരിക്കുന്നു. ആ തീരുമാനം നടപ്പിൽ വരുത്തുന്നതിൽനിന്ന് അവരെ തടയാൻ ആർക്കും കഴിയില്ല. മുസ്‌ലിംശ്രമം ദോഷകരമായിത്തീരുമെന്ന് പറയാൻ കാരണം, 'അവകാശ'സംരക്ഷണത്തിനുവേണ്ടി മുസ്‌ലിംകൾ നടത്തുന്ന ഓരോ ശ്രമവും ഹിന്ദുവർഗീയതക്ക് ആക്കംകൂട്ടും. ആവലാതികൾ പരിഹരിക്കാനായി അവർ പാകിസ്താന്റെ സഹായം തേടിയാലോ, അന്താരാഷ്ട്രീയമായ അസ്വസ്ഥതകൾക്കും രാഷ്ട്രീയവടംവലികൾക്കും അതുതന്നെ മതി. അതോടെ ഹൈന്ദവദേശീയതക്ക് അതിജീവനത്തിനുള്ള അധികശക്തി ലഭിക്കുകയും

ചെയ്യും. അതിനാൽ ഒരു സമുദായത്തിന്റേത് എന്ന നിലയിൽ ഭരണകൂടത്തെയും അതിന്റെ സംവിധാനങ്ങളെയും പരിഗണിക്കാതിരിക്കാനും രാഷ്ട്രീയഗോദയിൽ തങ്ങളോടു മൽസരിക്കാൻ മറ്റൊരു സമുദായദേശീയത രംഗത്തില്ലെന്ന് ഹൈന്ദവദേശീയതയെ സ്വന്തംപ്രവർത്തനത്തിലൂടെ ബോധ്യപ്പെടുത്താനും മുസ്‌ലിംകൾക്കിടയിൽ വിപുലമായ പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ നാം തയാറെടുക്കണം. നിലവിൽ ഇസ്‌ലാമിനെതിരെ മുസ്‌ലിം ഇതരഭൂരിപക്ഷത്തിൽ രൂപംകൊണ്ട അത്യസാധാരണമായ വർഗീയവിരോധം അവസാനിപ്പിക്കാൻ ഇതൊന്നു മാത്രമേ വഴിയുള്ളൂ. ഇസ്‌ലാം പ്രചുരപ്രചാരം നേടിയാൽ മറ്റെവിടെയെങ്കിലും ഇനിയും മുസ്‌ലിംകൾ മറ്റൊരു പാകിസ്താൻ ആവശ്യപ്പെട്ടേക്കും എന്ന മുസ്‌ലിം ഇതരരുടെ ആശങ്കയകറ്റാനും ഇതുകൊണ്ടേ കഴിയൂ.

**രണ്ടാം ചുവട്**

രണ്ടാമതായി മുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാംജ്ഞാനം വ്യാപിപ്പിക്കാൻ ശ്രമിക്കുക. അവർക്കിടയിൽ ഇസ്‌ലാമിക പ്രബോധനത്തിനുള്ള പൊതുവികാരം വളർത്തിയെടുക്കുക. ഇതര ജനവിഭാഗങ്ങൾക്ക് സ്വന്തം സമുദായത്തേക്കാൾ മെച്ചം മുസ്‌ലിംകളാണെന്നു തോന്നുകയും അതിൽ ആകൃഷ്ടരായി കടന്നുവരുന്ന ഏതു ജാതിക്കാർക്കും തുല്യനീതിയോടുകൂടിയുള്ള പ്രവേശനം ലഭ്യമാകുകയും ചെയ്യുന്ന വിധം മുസ്‌ലിംകളുടെ ധാർമികവും നാഗരികവും സാമൂഹികവുമായ ജീവിതത്തെ സംസ്‌കരിക്കുക. വർഷങ്ങൾ നീണ്ട അക്ഷീണയത്നം തന്നെ ഇതിനു വേണ്ടിവരും. എന്നാൽ വൈജ്ഞാനിക, പ്രായോഗിക, സാമൂഹികതലങ്ങളിൽ ഇസ്‌ലാമിനെ നേരാംവണ്ണം പ്രതിനിധാനം ചെയ്യാൻ മുസ്‌ലിംസമൂഹത്തിലെ ഗണ്യമായൊരു വിഭാഗത്തെ നാം പാകപ്പെടുത്തിയില്ലെങ്കിൽ ഇന്ത്യയിലെ മുസ്‌ലിം ഇതര ബഹുജനാഭിപ്രായം ഇസ്‌ലാമിന് അനുഗുണമാക്കിയെടുക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കേണ്ട. പേജിലോ സ്റ്റേജിലോ മുസ്‌ലിം ഇതരർക്കുമുന്നിൽ നിങ്ങൾ ഇസ്‌ലാമിനെ എത്രമേൽ ഹൃദ്യമായി അവതരിപ്പിച്ചാലും അവർക്ക് അത് സ്വീകാര്യമാവില്ല. അവരുടെ കൺമുന്നിലുള്ള ഇസ്‌ലാംപ്രതിനിധികളുടെ രാപ്പകൽ ജീവിതം നിങ്ങളുടെ പ്രസ്താവനയെ സത്യപ്പെടുത്തുന്നില്ല എന്നതുതന്നെ കാരണം. ഇനി അവരിൽ സത്യത്തോടു പ്രതിബദ്ധതയുള്ള ആരെങ്കിലും മുസ്‌ലിംകളെ നോക്കാതെ ഇസ്‌ലാമിനെ വരിച്ചാൽ തന്നെ നിലവിലെ മുസ്‌ലിംസമൂഹവുമായി അവർക്ക് ഒത്തുപോകാൻ പ്രയാസമായിരിക്കും. കാരണം വർഗീയത, ഉച്ചനീചത്വങ്ങൾ, ജാതീയത എന്നിങ്ങനെ ഹൈന്ദവ അനാചാരപാരമ്പര്യങ്ങളിൽ പലതും ഇസ്‌ലാമിലേക്ക് കടന്നുവന്നവരിൽ ഇപ്പോഴും ഇവിടെ നിലനിൽക്കുന്നു. അങ്ങനെ ഒരു പുതു ഇസ്‌ലാംവിശ്വാസിക്ക് ഹിന്ദുസമൂഹത്തിൽ താൻ കൈയൊഴിഞ്ഞുപോന്ന അതേ സാമൂഹികതിന്മകളെ തന്നെ പിന്നെയും നേരിടേണ്ടിവരുന്നു. അതിനാൽ മുസ്‌ലിംകളുടെ-എല്ലാവരുടെയും അല്ലെങ്കിലും ഗണ്യമായൊരു വിഭാഗത്തിന്റെ-ധാർമിക, നാഗരിക, സാമൂഹികജീവിതം സംസ്‌കരിച്ചെടുക്കാതെ ഇസ്‌ലാമികപ്രബോധനത്തിൽ ഒരു ചുവടും മുന്നോട്ടുവെക്കാനാവില്ല. നവമുസ്‌ലിംകളെ കൊണ്ടുമാത്രം ഒരു വേറിട്ട സമൂഹം സൃഷ്ടിച്ചെടുക്കാനാവുകയുമില്ല. ഇനി, ഈ സംസ്‌കരണയജ്ഞത്തിൽ ഏതെങ്കിലും തരത്തിൽ നാം വിജയിക്കുകയും മുസ്‌ലിംകൾ ഇസ്‌ലാമിനെ ഉൾക്കൊള്ളുകയും ദൈനംദിന ജീവിതത്തിൽ ഇതരരുമായി ഇടപഴകുമ്പോഴെല്ലാം സന്ദർഭോചിതം ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യാനുള്ള ആവേശം അവരിൽ അങ്കുരിക്കുകയും ചെയ്താൽ ഇന്ത്യയിൽ മറ്റൊരു

പ്രസ്ഥാനത്തിനും ഇസ്‌ലാമിനോട് എതിരിടാനാവാത്ത വിധം പ്രബോധനപ്രവർത്തനങ്ങളുടെ ഗതിവേഗം വർധിക്കും. ഇവിടെ മുസ്‌ലിംകളുടെ എണ്ണം നാല്-അഞ്ച് കോടിയുടെ അടുത്തുവരും. അതിന്റെ ഇരുപതിൽ ഒരു ഭാഗം ഇസ്‌ലാമിനെ മനസ്സിലാക്കുകയും പ്രബോധനപ്രവർത്തനങ്ങൾക്ക് ഇറങ്ങിത്തിരിക്കുകയും ചെയ്താൽ തന്നെ ഇസ്‌ലാംപ്രചാരകരുടെ എണ്ണം 20-25 ലക്ഷം വരും. ഇത്രയും പ്രചാരകരുള്ള മറ്റു വല്ല പ്രസ്ഥാനങ്ങളുമുണ്ടോ? എന്നുതന്നെയല്ല, ഇന്ത്യൻമുസ്‌ലിംകൾ ഇതരജനങ്ങളുമായി കിച്ചടി പോലെ കൂടിക്കുഴഞ്ഞാണിരിക്കുന്നത്. ജീവിതത്തിന്റെ നാനാതുറകളിലും അപരരുമായി ആശയവിനിമയത്തിനും ഇടപെടലിനും അവർക്ക് അവസരം ലഭിക്കുന്നു. മറ്റു വല്ല സംഘടനകൾക്കും ഇത്തരമൊരു സാഹചര്യം തുറന്നുകിട്ടുന്നുണ്ടോ? മറ്റൊരു പ്രസ്ഥാനത്തിനും സ്വന്തമായൊരു ജനതയോ നാഗരികവ്യവസ്ഥയോ ഇല്ല. അവരുടെയൊക്കെ കൊടിക്കീഴിൽ അഭയം തേടുന്ന രാജ്യനിവാസികൾക്കും അടിച്ചമർത്തപ്പെട്ടവർക്കുമൊക്കെ വയറിന്റെ പ്രശ്നം തീർക്കാനായേക്കും. എന്നാൽ സാമൂഹികജീവിതത്തിന്റെ പ്രയാസങ്ങളോ പ്രതിസന്ധികളോ തരണം ചെയ്യാനാവില്ല. മറുഭാഗത്തോ, മുസ്‌ലിംകൾക്ക് സ്വന്തമായൊരു സമൂഹമുണ്ട്. നമ്മുടെ ലക്ഷ്യത്തിനനുസൃതമായി അവരെ കുറെയൊക്കെ മാറ്റിയെടുക്കാനായാൽ സാമൂഹികജീവിതത്തിൽ പുറന്തള്ളപ്പെടുകയും പിഴച്ച നാഗരികവ്യവസ്ഥയുടെ തിന്മകൾ പേറുകയും ചെയ്യുന്ന ജനവിഭാഗങ്ങളുടെ രക്ഷാസങ്കേതമായി മാറാൻ ആ സമൂഹത്തിന് കഴിയും.

**മൂന്നാംചുവട്**

ഈ രാജ്യത്തെ ബൗദ്ധികശക്തിയുടെ ബഹുഭൂരിപക്ഷത്തെ ഇസ്‌ലാമിന്റെ സന്ദേശം തെര്യപ്പെടുത്തുകയും അതിനായി വ്യവസ്ഥാപിതമായ പ്രവർത്തനം നടത്തുകയുമാണ് മൂന്നാമത് അനിവാര്യമായ സംഗതി. ഇന്ത്യൻമുസ്‌ലിംകളിലെ അഭ്യസ്തവിദ്യർ ഇത്രയും കാലം ഉന്നമിട്ടിരുന്ന ലക്ഷ്യങ്ങളെല്ലാം നിഷ്ഫലമായിക്കഴിഞ്ഞു. ആ പരാജയബോധം അവരിൽ നിരാശ ജനിപ്പിക്കും. ഈ സമയത്ത് പ്രകാശഭരിതവും പ്രത്യശാജനകവുമായ ഒരു ലക്ഷ്യം മുന്നിൽ വെളിപ്പെട്ടാൽ അവരിൽ വലിയൊരു പങ്കും അങ്ങോട്ടു ശ്രദ്ധതിരിക്കും. അങ്ങനെ നമുക്ക് ഈ ബൗദ്ധികശക്തി ലഭ്യമാകുന്ന മുറക്ക് ഇസ്‌ലാമികവിപ്ലവത്തെ ത്വരിതപ്പെടുത്താനുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾക്ക്അതിനെ ഉപയോഗപ്പെടുത്താൻ കഴിയും. ഉദാഹരണത്തിന്, മുസ്‌ലിംകൾക്കിടയിലെ പത്രപ്രവർത്തനരംഗത്തെ നിലവിലുള്ള പ്രവണതകളെ അടിമുടി മാറ്റിപ്പണിയാൻ നാം ആഗ്രഹിക്കുന്നു. ഇംഗ്ലീഷിലും ഉർദുവിലും മറ്റു ഭാഷകളിലും പത്രങ്ങൾ നടത്തുന്ന വിദഗ്ധരായ എഴുത്തുകാർ നമുക്കിടയിലുണ്ട്. അവകാശങ്ങൾക്കുവേണ്ടിയുള്ള ആഹ്വാനം, ഉദ്യോഗങ്ങളിൽ ആനുപാതിക സംവരണത്തിനുവേണ്ടിയുള്ള മുറവിളി, ഔദ്യോഗികസംവിധാനങ്ങളിലെ ഹിന്ദു പക്ഷപാതിത്വത്തിനെതിരായ പ്രതിഷേധം തുടങ്ങിയ പതിവുപല്ലവികൾക്കു പകരം അവർ നിലവിലെ വ്യവസ്ഥക്കെതിരെ മൗലികമായ വിമർശം ഉന്നയിക്കുകയും അതിന്റെ ഓരോ ന്യൂനതയും ജനസമക്ഷം തുറന്നുകാട്ടുകയും അതിനേക്കാൾ മികവുറ്റ ഒരു ജീവിതവ്യവസ്ഥയിലേക്ക് പൊതുജനാഭിപ്രായം ഉയർത്തിക്കൊണ്ടു വരികയും വേണമെന്നാണ് നമ്മുടെ താൽപര്യം. അതുപോലെ നമ്മുടെ യുവ സാഹിത്യകാരന്മാർ കാൽപനികതയുടെ ലോകത്തു നിന്നിറങ്ങി വന്ന്മനുഷ്യചിന്തയെ തൊട്ടുണർത്തുകയും ജനമനസ്സുകളിൽ ഒരു മികച്ച സാമൂഹികവ്യവസ്ഥക്കുവേണ്ടിയുള്ള വേവലാതി സൃഷ്ടിച്ചെടുക്കുകയും ചെയ്യുന്ന സൃഷ്ട്യുന്മുഖമായ സാഹിത്യപ്രവർത്തനത്തിലേക്ക്

സ്വന്തം സിദ്ധിയെ തിരിച്ചുവിടണമെന്നാണ് നാം ആഗ്രഹിക്കുന്നത്. ദൈവം ഉന്നതമായ ബുദ്ധിവൈഭവം നൽകി അനുഗ്രഹിച്ചയാളുകൾക്ക് ലോകത്തെ ബൗദ്ധിക നേതൃത്വത്തിലേക്ക് വഴികാണിക്കണമെന്നാണ് നമ്മുടെ മോഹം. എന്നുവെച്ചാൽ, ഖുർആന്റെ ദീപം കൈയിലേന്തി ജീവിതത്തിന്റെ മുഴുമണ്ഡലങ്ങളിലെയും സകലപ്രശ്നങ്ങളും വിശകലനം ചെയ്ത് ഇസ്‌ലാമികജീവിതവ്യവസ്ഥയുടെ സമ്പൂർണചിത്രം, ലോകസംവിധാനം ഈ വ്യവസ്ഥക്ക് അനുസൃതമാണെങ്കിൽ അതിന്റെ വിശദാംശം എന്തായിരിക്കുമെന്ന് ജനങ്ങൾക്ക് വ്യക്തത കൈവരുന്ന രീതിയിൽ, ലോകത്തിനുമുന്നിൽ സമർപ്പിക്കാൻ ബുദ്ധിജീവികളായ ഈ മഹാന്മാരെ നാം സജ്ജരാക്കും. ഇതിനെല്ലാം പുറമെ, ഈ ബുദ്ധിജീവിവൃത്തത്തിൽ നിന്ന് നേതൃയോഗ്യത യുള്ള ചിലരെയും ലഭിക്കും. ഇസ്‌ലാമികപ്രബോധനത്തെ ഒരു ജനകീയപ്രസ്ഥാനമാക്കി മാറ്റിയെടുക്കാൻ ഇത്തരക്കാരെ നേതൃപദവിയിലെത്തിക്കാനുള്ള തയാറെടുപ്പുകളും വേണം.

**നാലാം ചുവട്**

നാലാമത്തെ സുപ്രധാനദൗത്യം ഇതാണ്. നമ്മുടെ എല്ലാ പ്രവർത്തകരും മേലിൽ നമ്മുടെ പ്രസ്ഥാനത്തിൽ ചേരാനിടയുള്ളവരും ഇന്ത്യയിലെ പ്രാദേശികഭാഷകൾ പഠിക്കുകയും ഭാവിയിൽ അധ്യയനമാധ്യമവും സാഹിത്യഭാഷയുമായി മാറാനിടയുള്ള പ്രസ്തുത ഭാഷകളിൽ പ്രസംഗ, പ്രബന്ധ പ്രാവീണ്യം നേടുകയും വേണം. ആ ഭാഷകളിൽ ഇസ്‌ലാമിന്റെ അടിസ്ഥാനകൃതികൾ എത്രയുംവേഗം പുറത്തിറക്കണം. ദക്ഷിണേന്ത്യയിൽ തമിഴ്, തെലുങ്ക്, കന്നട, മലയാളം, മറാഠി, പശ്ചിമേന്ത്യയിൽ ഗുജറാത്തി, പൂർവേന്ത്യയിൽ ബംഗ്ല, മറ്റു സംസ്ഥാനങ്ങളിൽ ഹിന്ദി എന്നിങ്ങനെ പഠനഭാഷ മാറുകയാണ്. അതതിടങ്ങളിൽ ഈ ഭാഷകൾ ഭരണ-ഔദ്യോഗികഭാഷകളായി മാറുകയും ചെയ്യും. രാജ്യത്തെ സാഹിത്യകൃതികൾ ഈ വിവിധ ഭാഷകളിലായിരിക്കും ഇനിമേൽ പ്രസിദ്ധീകരിക്കപ്പെടുക. മുസ്‌ലിംകൾ സാമുദായികതാൽപര്യത്തോടെ ഉർദുതന്നെ സംസാരത്തിനും എഴുത്തിനുമുള്ള ഭാഷയായി നിലനിർത്തിക്കൊണ്ടിരുന്നാൽ രാജ്യത്തെ ബഹുജനങ്ങളിൽ നിന്ന് അവർ വേറിട്ടുപോകും. ചുറ്റുപാടിലുള്ളവരുമായി ആശയവിനിമയത്തിനുള്ള ഒരുമാർഗവും അവരുടെ മുന്നിലുണ്ടാവില്ല. ഉർദുവിനെ നിലനിർത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും വേണമെന്ന കാര്യത്തിൽ നമുക്ക് നിർബന്ധമുണ്ട്. കാരണം നമ്മുടെ ഇന്നോളമുള്ള വൈജ്ഞാനിക, സാംസ്കാരികമൂലധനം ആ ഭാഷയാണ്. എന്നാൽ ഇസ്‌ലാമിന്റെ ഭാവിയെ ഉർദുവുമായി കൂട്ടിക്കെട്ടി ശിഥിലമാക്കാൻ നാം തയാറല്ല. ഉർദുഭാഷ രാജ്യത്തെ ഔദ്യോഗികഭാഷയായിത്തീർന്നില്ലെങ്കിൽ-നിലവിലെ ചില ലക്ഷണങ്ങൾ കണ്ടാൽ അതുണ്ടാവില്ല എന്നുതന്നെ കരുതണം-ഏതെല്ലാം ഭാഷകൾ ഔദ്യോഗിക അംഗീകാരം നേടുന്നുവോ അവയിലെല്ലാം നാം ഇസ്‌ലാമികസാഹിത്യകൃതികൾ തയാറാക്കി ഇസ്‌ലാംപ്രബോധനത്തിന് ഉപയോഗിക്കും. മുസ്‌ലിം ഇതരരെ മാത്രം മുന്നിൽ കണ്ടല്ല. മുസ്‌ലിംകളുടെ ഭാവിതലമുറയെ ഇസ്‌ലാമിൽ അടിയുറപ്പിക്കാൻതന്നെ ഇത് ആവശ്യമാണ്. കാരണം മുസ്‌ലിംകുട്ടികൾ ഭാവിയിൽ സ്കൂളുകളിലെ അധ്യയനഭാഷയും പുറത്തെ ഔദ്യോഗിക, ദേശീയഭാഷയുമായി കൂടുതൽ ഇടപഴകുന്നതോടെ ഉർദുവുമായുള്ള അവരുടെ ബന്ധം നാമമാത്രമാകും. അപ്പോൾ ആ ഭാഷകളിൽ ഇസ്‌ലാമികസാഹിത്യം ലഭ്യമായില്ലെങ്കിൽ കുഞ്ഞുങ്ങൾ ഭൂരിപക്ഷസംസ്കൃതിയിൽ പെട്ടുപോകും.

വരുന്ന അഞ്ചുവർഷങ്ങളിൽ ഈ നാലുകാര്യങ്ങൾക്ക് നാം മുഴുവൻ ശേഷിയും വിനിയോഗിക്കും. തുടർന്നുള്ള ഘട്ടങ്ങളിൽ ഇസ്‌ലാമിൻെറ വിപ്ലവശ്രമങ്ങളെ മുന്നേ

ാട്ടു കൊണ്ടുപോകാൻ എന്തു ചെയ്യണമെന്ന് ഇപ്പോൾ പറയുന്നതിൽ കാര്യമില്ല. സന്ദർഭം വരുമ്പോൾ തൽസംബന്ധമായ നിർദേശങ്ങൾ നൽകുന്നതാണ്. എന്നാൽ ഒരു കാര്യം നന്നായി മനസ്സിലാക്കുക. മേൽ പറഞ്ഞ നാലു പരിപാടികളും ഗണ്യമായ തോതിൽ നിർവഹിക്കപ്പെടാത്തിടത്തോളം വേറെ പുതിയ കാര്യങ്ങളെപ്പറ്റി സംസാരിക്കേണ്ട സന്ദർഭം പോലുമുണ്ടാവില്ല. അതിനാൽ ഇന്ത്യയിലെ മുഴുവൻ ജമാഅത്ത് അംഗങ്ങളും പ്രവർത്തകരും അനുഭാവികളും എല്ലാ മാർഗവും അവലംബിച്ച്, മുഴുവൻ ശക്തിയും ചിന്തയും ശ്രദ്ധയും ഈ പ്രാഥമികപരിപാടിക്കായി വിനിയോഗിക്കണം. ഒരു കടുകിട അശ്രദ്ധയോ അലംഭാവമോ കാണിച്ചാൽ അത് വമ്പിച്ച കുറ്റമായിരിക്കും. കഴിഞ്ഞ പത്തുവർഷമായി ഞാൻ നിങ്ങൾക്കു മുന്നറിയിപ്പ നൽകിക്കൊണ്ടിരുന്ന മഹാപ്രളയം ഇതാ ഇങ്ങെത്തുകയാണ്. അതിനു ചിറ കെട്ടുന്നതിനെക്കുറിച്ച് ചിന്തിക്കുന്നില്ലെങ്കിൽ മുഴുവൻ മുസ്‌ലിംകൾക്കൊപ്പംര നിങ്ങളും അതിൽ മുങ്ങിപ്പോകും. നിങ്ങളുടെ ക്ഷമയും നിശ്ചയദാർഢ്യവും സ്ഥിരതയും ബുദ്ധിവൈഭവവും കർമശേഷിയും പരീക്ഷിക്കപ്പെടുന്ന സന്ദർഭമാണ് ഈ രാജ്യത്ത് വരാനിരിക്കുന്നത്. നിങ്ങളുടെ ഒരു ഭാഗത്ത് ദജ്ജാലിന്റെ സ്വർഗമുണ്ട്. അതിൽ പ്രവേശിച്ച്ഉന്നതശ്രേണിയിലെത്താനുള്ള നിർബന്ധ ഉപാധിയിതാണ്: നല്ല ഘ്രാണശക്തിയുള്ളയാൾക്കു പോലും അവന്റെ അകത്തുള്ള ഇസ്‌ലാമിന്റെ ചെറിയൊരു വാസനയെങ്കിലും അനുഭവപ്പെടാൻ പാടില്ല. ഭൗതികക്ഷേമം മാത്രം ലാക്കാക്കി ധാരാളം മുസ്‌ലിംകൾ ഈ ഉപാധി പൂർത്തിയാക്കുന്നതു നമുക്കു ചുറ്റിലും കാണാം. നിങ്ങളുടെ മറുഭാഗത്ത് അരിവാൾ ചുറ്റിക പതിച്ച കൊടിയാണ് പറക്കുന്നത്. അതിന്റെ തണലിൽ മറ്റൊരു ഭാവനാസ്വർഗമാണ് കാണാനാവുക. അത് മോഹിക്കുന്നവർ ദൈവവിശ്വാസവും മതധാർമികമൂല്യങ്ങളും മനസ്സിൽ നിന്നു പടികടത്തിയിരിക്കണം. ലോകത്തെ പട്ടിണിപ്പാവങ്ങളായ മുസ്‌ലിംകളുടെ വലിയൊരു ഭാഗം അങ്ങോട്ട് ഓടുന്നതു കാണാം.

ഈ രണ്ടു വ്യാജസ്വർഗങ്ങൾക്കുമിടയിലാണ് നിങ്ങൾ നിലകൊള്ളുന്നത്. അവിടെ ഇസ്‌ലാമിൽ ഉറച്ചുനിൽക്കുന്നവർക്കും അതിനുവേണ്ടി പണിയെടുക്കുന്നവർക്കും ക്ഷേമവും ഐശ്വര്യവും ലഭിക്കുന്നതോ പോകട്ടെ, ജീവിതാവശ്യങ്ങൾ നിവർത്തിക്കാൻ പോലും നന്നായി വിയർക്കേണ്ടിവരും. അവരുടെ ഇസ്‌ലാംആഭിമുഖ്യത്തിനും ആത്മാഭിമാനബോധത്തിനും എപ്പോഴും ക്ഷതമേറ്റുകൊണ്ടിരിക്കും. ഇസ്‌ലാമിന്റെ അടയാളങ്ങൾ തുടച്ചുനീക്കപ്പെടുന്നത് മാത്രമല്ല, പരസ്യമായി അവഹേളിക്കപ്പെടുന്നതും അവർ കാണേണ്ടിവരും. അത് മുസ്‌ലിംകളുടെ തന്നെ കൈകളാലായിരിക്കുകയും ചെയ്യും. ഈ പരിതസ്ഥിതിയിൽ അസാധാരണമായ ക്ഷമയും ഇച്ഛാശക്തിയും അസാമാന്യമായ ചുറുചുറുക്കും അതിവിപുലമായ വിവേകവും തന്ത്രജ്ഞതയും ഉള്ളവർക്കുമാത്രമേ ഇസ്‌ലാമികവിപ്ലവത്തിനുവേണ്ടി പ്രവർത്തിക്കാനാവുകയുള്ളൂ. ഈ മൂന്നു ഗുണങ്ങളും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞാൽ നിങ്ങൾക്ക് ഞാൻ ഉറപ്പുതരുന്നു, ഈ കുത്തൊഴുക്കിന്റെ ഗതിമാറ്റാൻ ഒരു പ്രയാസവുമുണ്ടാവില്ല. മാനസികവും സ്വഭാവപരവുമായ ഭാവഭേദങ്ങൾ മറന്ന് ഭദ്രമായൊരു കോട്ടയായി മാറി നിങ്ങളുടെ സർവ സംഘടിതശക്തിയും ഇതിനുവേണ്ടി വിനിയോഗിക്കുക. നിങ്ങളുടെ സങ്കുചിതമനസ്സിനെ പിഴുതെറിയുക. കാരണം ഈ പ്രവർത്തനത്തിനു നിങ്ങൾക്കു പുറമെനിന്ന് ഒന്നും ലഭിക്കാനില്ല. എല്ലാം നിങ്ങളുടെ അകമേ നിന്നുതന്നെ സ്വരൂപിക്കണം. നിങ്ങളുടെ ചിന്തയും സമയവും മറ്റു വല്ല വഴിക്കും പാഴായിപ്പോകുന്നുണ്ടെങ്കിൽ അത്തരം പ്രവർത്തനങ്ങളിൽനിന്നും മനോവ്യാപാരങ്ങളിൽ നിന്നും നിങ്ങൾ മാറിനിൽക്കുക. അത്യാവശ്യ

ജീവിതായോധനത്തിനു വേണ്ടതൊഴിച്ച് നിങ്ങളുടെ സമയത്തിന്റെ ഓരോ നിമിഷവും ഈ പ്രവർത്തനത്തിനുവേണ്ടി ഉഴിഞ്ഞുവെക്കുക. നിങ്ങളുടെ ഈ ഒരു പിടി ജമാഅത്തിന്, ഇസ്‌ലാമിനും മുസ്‌ലിംകൾക്കും നിർണായകമായ വരുന്ന അഞ്ചുവർഷക്കാലം വളരെയേറെ പ്രവർത്തനങ്ങൾ ചെയ്യാനുണ്ട്. ഒരു മല തുരന്നു പാൽ ചുരത്തിയെടുക്കുന്നതിലും വലിയ അധ്വാനമാണത്. മുസ്‌ലിംകളുടെ പൊതുജനാഭിപ്രായവും അവരുടെ സാമൂഹികപ്രതിച്ഛായയും നിങ്ങൾ മാറ്റിയെടുക്കണം. സാധാരണമുസ്‌ലിംകളെ വിശ്വാസ, ധാർമിക, നാഗരികരംഗങ്ങളിൽ നവീകരിച്ചെടുക്കണം. മുസ്‌ലിം ബുദ്ധിജീവികളുടെ ഇടയിൽ കടന്നുകൂടി അവരെ ചിന്താപ്രവർത്തനരംഗത്തെ ശൈഥില്യത്തിൽനിന്ന് രക്ഷിച്ചെടുത്ത് ഇസ്‌ലാമികവിപ്ലവത്തിന്റെ പാതയിലേക്ക് കൊണ്ടുവരണം. രാജ്യത്തിന്റെ വിവിധഭാഗങ്ങളിലെ വ്യത്യസ്തഭാഷകളിൽ ഇസ്‌ലാമികസാഹിത്യകൃതികളുടെ പ്രസാധനത്തിന് സംവിധാനമൊരുക്കണം. ഈ പ്രവർത്തനങ്ങളെല്ലാം ദൈവത്തെ മാത്രം അവലംബിച്ചും നിങ്ങളുടെ സ്വന്തം കഴിവിനെ മാത്രം ആശ്രയിച്ചുമാണ് ചെയ്തു തീർക്കേണ്ടത്. എവിടെനിന്നും ഒരുവിധ സഹായമോ പ്രോൽസാഹനമോ പ്രതീക്ഷിക്കേണ്ടതില്ല. നിങ്ങൾ കച്ച കെട്ടിയിറങ്ങുകയും ശ്രദ്ധാപൂർവം മുഴു സംഘടിതശക്തിയും വിനിയോഗിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഈ ദൗത്യം പിന്നെയെങ്ങനെ നിർവഹിക്കപ്പെടും? ജമാഅത്തിൽ അണിചേരുമ്പോൾ നിങ്ങൾ അല്ലാഹുവിന് നൽകിയ കരാർ ഓർത്തുവെക്കുക. നിങ്ങളുടെ വിശ്വാസത്തെ പുതുക്കുകയും ദൃഢീകരിക്കുകയും ചെയ്യുക. അല്ലാഹുവിൻെറ സഹായത്തിൽ മാത്രം പ്രതീക്ഷയർപ്പിച്ച് കർമസന്നദ്ധരായി മുന്നോട്ടുവരിക. നിങ്ങൾ നിങ്ങളുടെ രക്ഷിതാവിന്റെ തൃപ്തി മാത്രം കാംക്ഷിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അപ്രതീക്ഷിതമായ വഴികളിലൂടെ അവൻ നിങ്ങളെ സഹായിക്കുമെന്ന് എനിക്കുറപ്പുണ്ട്. ■

**വിവ: വി.എം ഇബ്‌റാഹീം**